**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2309** **05-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബഡ്ജറ്റിൽ 20% തുക വകയിരുത്തി രണ്ടുകോടി രൂപ അനുവദിച്ചിട്ടുള്ള കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | സംസ്ഥാന ബഡ്ജറ്റിൽ 20 % തുക വകയിരുത്തി 2 കോടി രൂപ അനുവദിച്ചിട്ടുള്ള കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണം പദ്ധതി പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായും Structural Stability Certificate ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണെന്നും എടത്തിരുത്തി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (ബി) | നവകേരള സദസ്സിൽ നാല് കോടി രൂപ അനുവദിക്കപ്പെട്ട മൂന്നു പീടിക മാർക്കറ്റ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;വ്യക്തമാക്കുമോ? | (ബി) | നവകേരള സദസ്സിൽ നാല് കോടി രൂപ അനുവദിച്ച മൂന്നുപീടിക മാർക്കറ്റ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 17.01.2026 ന് കരാറുടമ്പടി വച്ചിട്ടുള്ളതും 27.01.2026 ന് കരാറുകാരന് സൈറ്റ് കൈമാറി നൽകിയിട്ടുള്ളതുമാണ് |

സെക്ഷൻ ഓഫീസർ